(ഡി) എങ്കിൽ ഇവ മാറ്റുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഈ ഓഫീസുകൾ ഹരിപ്പാടുനിന്ന് മാറ്റിയത് ഈ മേഖലയിലെ വികസനത്തെ ബാധിക്കുമെന്നതിനാൽ അവ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) എൻ. എച്ച്. സബ്ഡിവിഷൻ ഓഫീസ് കായംകുളത്തിലേക്ക് മാറ്റിയിട്ടുണ്ട്.

(സി, ഡി ആന്റ് ഇ) NH-47-ന്റെ 40 കി. മീ. നീളമുള്ള ഭാഗം മാത്രമാണ് ആലപ്പുഴ എൻ. എച്ച്. ഡിവിഷന്റെ കീഴിലുള്ളത്. പ്രസ്തുത ദേശീയപാതയുടെ അറ്റകുറ്റപ്പണികളും വികസന പ്രവർത്തനങ്ങളും നടത്തുവാൻ ആലപ്പുഴയിലും ചേർത്തലയിലും രണ്ട് സബ്ഡിവിഷൻ ഓഫീസുകൾ നിലവിലുണ്ട്. ആയതിനാൽ ഹരിപ്പാട് സബ്ഡിവിഷന്റെ അഭാവത്തിലും മേൽ ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയുന്നതാണ്.

കരാറുകാരിൽനിന്ന് നഷ്ടപരിഹാരം ഈടാക്കാൻ നടപടി

72 [1482] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ കെ. എൻ. എ. ഖാദർ:

„ സി. മമ്മൂട്ടി:

„ പി. കെ. കെ. ബാവ:

„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാറുകാരെക്കൊണ്ട് ചെയ്യിപ്പിക്കുന്ന റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം, പാലം തുടങ്ങിയവ വേഗത്തിൽ നശിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറിൽ നിർമ്മാണം നടത്തുന്ന പണിയുടെ പൂർത്തീകരണത്തിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ ബലക്ഷയം വരുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ കരാറുകാരൻ നഷ്ടപരിഹാരം ചെയ്യണമെന്ന വ്യവസ്ഥകൂടി ഉൾക്കൊള്ളിച്ചാൽ പണിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ;

(സി) എങ്കിൽ എന്നുമുതൽ ഇത്തരം വ്യവസ്ഥ പ്രസ്തുത പണികളുടെ കരാറിൽ ഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ;

(ഡി) ടെണ്ടറിൽ വിവരിക്കുന്ന അളവിലും തോതിലും സാധനസാമഗ്രികൾ ഉപയോഗിക്കുന്നുണ്ടോ എന്ന് മേൽനോട്ടം വഹിക്കുന്നവർ കൃത്യമായി പരിശോധിച്ചിട്ടില്ലെന്ന് വന്നാൽ അത്തരം ഉദ്യോഗസ്ഥൻമാരുടെമേൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുമരാമത്തുവകുപ്പിന്റെ കരാർ നിയമത്തിൽ ഇപ്പോൾത്തന്നെ ഈ വ്യവസ്ഥ നിലവിലുണ്ട്. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പണികൾക്ക് നിശ്ചയിച്ചിട്ടുള്ള ഗ്യാരന്റി പീരീഡിനുള്ളിൽ വരുന്ന കേടുപാടുകൾ കരാറുകാരന്റെ ചെലവിൽത്തന്നെ ചെയ്തുതീർക്കാൻ വ്യവസ്ഥയുണ്ട്.

(സി) ബാധകമല്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിൽ പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാരുടെ ജോലി സംരക്ഷണത്തിന് നടപടി

73 [1483] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്തുവകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽനിന്നും പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാരെ ജോലിയിൽനിന്നും പിരിച്ചുവിടുന്നതായി പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്രപേരെ ഇത്തരത്തിൽ പിരിച്ചുവിട്ടു;

(സി) സ്വീപ്പിംഗ് ഏരിയ കുറവാണെന്ന കാരണത്താൽ പല പാർട്ട് ടൈം സ്വീപ്പർമാരും പിരിച്ചുവിടൽ ഭീഷണി നേരിടുന്ന വിവരം സർക്കാർ പരിശോധിക്കുമോ;

(ഡി) പിരിച്ചുവിട്ട പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാർ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിലെ എല്ലാ പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാരുടെയും ജോലി സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ. എച്ച്. മധ്യമേഖലയിലെ 4 ആഫീസുകളിൽ നിന്നായി നാലുപേരെ ഇതിനകം പിരിച്ചുവിട്ടിട്ടുണ്ട്. മറ്റ് വിഭാഗങ്ങളിലും മറ്റ് മേഖലകളിലും ഇത്തരം പിരിച്ചുവിടൽ ഉണ്ടായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) പാർട്ട് ടൈം സ്വീപ്പറുടെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഉള്ള സ്ഥലങ്ങളിൽ (Sanctioned Post) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയാണ് നിയമനം നടത്തുന്നത്. അപ്രകാരമുള്ള സ്ഥലങ്ങളിൽ പിരിച്ചുവിടൽ ഭീഷണിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly